ആശുപത്രിയിലെ അക്രമം

79 (3008)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൂയപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചുങ്കത്തറ, ആയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സയിലായിരുന്നവരെ മാരകായുധങ്ങളുമായി കയറി വെട്ടി പരിക്കേൽപ്പിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ; സംഭവം നടന്നത് എന്നാണ്;

(സി) ഈ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) പ്രതികളെ അറസ്റ്റുചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി സംഭവത്തെ സംബന്ധിച്ച കേസെടുത്തിട്ടുണ്ട്. സംഭവം നടന്നത് 7-6-1999ലാണ്.

(സി)&(ഡി) കേസന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

ആശുപത്രികൾക്കു നേരെയുണ്ടായ ആക്രമണങ്ങൾ

80 (3009)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 1 മുതൽ ജൂൺ 30 വരെ സംസ്ഥാനത്ത് ആശുപത്രികൾക്ക് നേരെയുണ്ടായ ആക്രമണം സംബന്ധിച്ച് പോലീസ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം ആശുപത്രികൾക്ക് നേരെയാണ് ആക്രമണം ഉണ്ടായത്; ഈ കേസ്സിലെ പ്രതികൾ ആരെല്ലാം; ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത്;

(സി) സംസ്ഥാന ഗവൺമെന്റിന്റെ നേരിട്ടുള്ള ശ്രദ്ധയിൽ വന്ന കേസുകൾ ഏതെല്ലാം;

(ഡി) പ്രസ്തുത ആശുപത്രികൾ സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിമാർ സന്ദർശിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ഇ) ആശുപത്രി അധികാരികൾ ഏതെങ്കിലും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാം;

(എഫ്) മന്ത്രിമാരുടെ സന്ദർശനത്തെത്തുടർന്ന് എന്തെല്ലാം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly